LIBRARY ARCHIVES Kerala Legislative Assembly

**അഞ്ജു പി.എ.-യുടെ ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. ബുക്ക്**

241 (2837) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനായി അഞ്ജു പി.എ. 3-11-2017-ലെ B4/46242/2017 നമ്പർ പ്രകാരം പരീക്ഷ ഭവനിൽ സമർപ്പിച്ച അപേക്ഷയിന്മേൽ ഡ്യൂപ്ലിക്കേറ്റ് ബുക്ക് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് നൽകി; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷപ്രകാരം ഡ്യൂപ്ലിക്കേറ്റ് ബുക്ക് ഇതുവരെ അനുവദിച്ചിട്ടില്ലെങ്കിൽ അപേക്ഷകയുടെ തുടർവിദ്യാഭ്യാസം ഉൾപ്പെടെയുള്ളവയ്ക്ക് തടസ്സം ഉണ്ടാകുമെന്ന വസ്തുതകൂടി പരിഗണിച്ച് അടിയന്തരമായി എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകുവാൻ നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 27-11-2017-ൽ ഡ്യൂപ്ലിക്കേറ്റ് ബുക്ക് പരീക്ഷാഭവനിൽനിന്നും ഹെഡ്മാസ്റ്റർ, എച്ച്.എസ്., അന്തിക്കാടിന് അയച്ചുകൊടുത്തിട്ടുണ്ട് (RL 384522072 IN)

(ബി) ബാധകമല്ല.

**ശാസ്ത്ര സാങ്കേതിക മ്യൂസിയം ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് തസ്തിക**

242 (2838) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം നോട്ടിഫിക്കേഷൻ No.E/240/09 തീയതി 9-2-2009 പ്രകാരം ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് തസ്തികയ്ക്ക് എത്ര ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചു; അതിൽ എത്ര പേർ എഴുത്ത് പരീക്ഷയിൽ പങ്കെടുത്തു :എഴുത്ത് പരീക്ഷയുടെ റാങ്ക് ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇന്റർവ്യൂവിന് മുമ്പ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തിയപ്പോൾ നോട്ടിഫിക്കേഷനിൽ പറഞ്ഞ വിദ്യാഭ്യാസ യോഗ്യതയും തൊഴിൽ പരിചയവും തെളിയിക്കുന്ന ഉദ്യോഗാർത്ഥികൾ ഹാജരാക്കിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, സർട്ടിഫിക്കേഷൻ നടത്തിയതിന്റെ ലിസ്റ്റിന്റെ പകർപ്പ്, ഇന്റർവ്യൂവിൽ പങ്കെടുത്തവരുടെ ലിസ്റ്റ്, റാങ്ക് ലിസ്റ്റ്, നിയമന ഉത്തരവിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ;

(സി) നിയമനം ലഭിച്ച ഉദ്യോഗാർത്ഥിക്ക് മതിയായ യോഗ്യത ഉണ്ടായിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം 9-2-2009-ലെ നോട്ടിഫിക്കേഷൻ No. E/240/09 പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നില്ല. 9-12-2009-ലെ നോട്ടിഫിക്കേഷൻ നമ്പർ ഇ/2404/09 നോട്ടിഫിക്കേഷൻ പ്രകാരം ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് എട്ട് (8) പേർ അപേക്ഷിച്ചിരുന്നു. അവരുടെ പട്ടികയും റാങ്ക് ലിസ്റ്റിന്റെ പകർപ്പും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഉദ്യോഗാർത്ഥികൾ ഹാജരാക്കിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, റാങ്ക് ലിസ്റ്റിന്റേയും നിയമന ഉത്തരവിന്റേയും പകർപ്പുകൾ എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) അയോഗ്യതയുള്ളതായി ഇന്റർവ്യൂ ബോർഡ് രേഖപ്പെടുത്തിയിട്ടില്ല.

### ചേലക്കര മണ്ഡലത്തിലെ സ്കൂളുകളിൽ പ്രവേശനം നേടിയ കുട്ടികൾ

243 (2839) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിലായി 2018-19 അദ്ധ്യയന വർഷം എത്ര കുട്ടികൾ പുതിയതായി പ്രവേശനം നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ സ്കൂളിലും പുതിയതായി പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം ക്ലാസ്സ് തിരിച്ച് പ്രത്യേകം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചില പ്രത്യേക സാഹചര്യത്തിൽ മധ്യവേനൽ അവധിക്കുശേഷം ചില ജില്ലകളിൽ സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ താമസം നേരിട്ടതിനാൽ ജൂൺ 20-ാം തീയതി മാത്രമേ എല്ലാ ജില്ലകളിൽ നിന്നുമുള്ള 2018-19 അദ്ധ്യയന വർഷത്തെ ആറാം പ്രവർത്തിദിനം അടിസ്ഥാനമാക്കിയുള്ള വിവര ശേഖരണം പൂർത്തിയാകുകയുള്ളൂ.

### മലപ്പുറം ജില്ല സോഷ്യൽ സയൻസ് എച്ച്.എസ്.എസ്.ടി. തസ്തിക

244 (2840) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സോഷ്യൽ സയൻസ് വിഷയത്തിൽ എച്ച്.എസ്.എസ്. ടി. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്